കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുതുവല്ലൂർ ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം 6/1774/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം

തിയ്യതി 08-08-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുതുവല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മുതുവല്ലൂർ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

എം.എ.8/17

നം.കെ.എസ്.എ.എം.പി.എം.7/1777/2017 തിയ്യതി:08-08-2017

# മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08-11-2016 മുതൽ 13-07-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 14-07-2017 മുതൽ 25-07-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുള്ള. എ സി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ. എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുസ്സലാം. പി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. കെ. അഹമ്മദ് സഗീർ | 01.04.2016 മുതൽ 31.03.2017വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. എൻ. അബ്ദുൽ റഷീദ് | 01.04.2016 മുതൽ 11.01.2017 വരെ |
| ശ്രീ. ജോഷി സെബാസ്റ്റ്യൻ, ഹെഡ് ക്ലർക്ക് (ഇൻ ചാർജ്) | 12.01.2017 മുതൽ 22.01.2017 വരെ |
| ശ്രീ. അബ്ദുൽ സലാം. വി | 23.01.2017 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. എൻ. അബ്ദുൽ റഷീദ് | 01.04.2016 മുതൽ 11.01.2017 വരെ |
| | ശ്രീ. ജോഷി സെബാസ്റ്റ്യൻ, HC (ഇൻ ചാർജ്) | 12.01.2017 മുതൽ 22.01.2017 വരെ |
| | ശ്രീ. അബ്ദുൽ സലാം. വി | 23.01.2017 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ശ്രീനിവാസൻ കുന്നത്ത് | 01.04.2016 മുതൽ 13.11.2016 വരെ |
| | ശ്രീ. സിജു. പി | 14.11.2016 മുതൽ 15.11.2016 വരെ |
| | vaccant | 16.11.2016 മുതൽ 16.01.2017 വരെ |
| | ശ്രീമതി. ജയന്തി ഗോപാലകൃഷ്ണൻ | 17.01.2017 മുതൽ 31.03.2017 വരെ |
| അസി. എഞ്ചിനിയർ | ശ്രീ. കെ.ടി രായിൻ കുട്ടി | 01.04.2016 മുതൽ 07.11.2016 വരെ |
| | ശ്രീ. ചാൾസ് റാഫി | 08.11.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സുമേഷ്. വി | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ബിന്ദു. കെ.കെ | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജിനി ജോർജ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ബാസിമ. പി | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. ഷൌക്കത്തലി | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. സ്വാബിർ. എൻ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ശബാന ബീഗം | 01.04.2016 മുതൽ 31.07.2016 വരെ |
| | ഡോ. അബ്ദുൽ റഫീഖ്. ഒ.പി | 01.08.2016 മുതൽ 31.03.2017 വരെ |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | | |

| | | | |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 12 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | 2-1 | |
| 13 | ഇ. ടെണ്ടർ - ടെണ്ടർ ഫോറം വില പഞ്ചായത്തിൽ അടച്ചിട്ടില്ല | 2-2 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 14 | മരുന്ന് ലഭ്യമായില്ല | 3-1 | |
| 15 | എസ്.എസ്.എ പ്രൊജക്ട് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | 3-2 | |
| 16 | മരാമത്ത് പ്രവൃത്തി - ₹ 7569 തിരിച്ചടച്ച | 3-3 | |
| 17 | അർഹമായ ധനസഹായം പൂർണ്ണമായി നൽകുന്നില്ല | 3-4 | |
| 18 | മരാമത്ത് പ്രവൃത്തി -അവലോകനം | 3-5 | |
| 19 | അംഗൻവാടി- അടിസ്ഥാന സൗകര്യം കുറവ് | 3-6 | |
| 20 | ഭക്ഷ്യ മിശ്രിതം- ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല | 3-7 | |
| 21 | പരിരക്ഷ പ്രൊജക്ട് – സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | 3-8 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 25 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 26 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 27 | ഓഡിറ്റ് റിക്കവറി | 4-6 | |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |

| | | | |
|---|---|---|---|
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 32 | Audit Certificate | 2 | |
| 33 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 34 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 35 | ബാലൻസ് ഷീറ്റ് | 5 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 04-03-2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 23-06-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2016-17 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 60 പ്രകാരം ഓരോ മാസവും 10-ാം തീയ്യതിക്കകം കഴിഞ്ഞ മാസത്തെ രശീത് ആന്റ് പെയ്മെന്റ് പത്രിക തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കുന്നതിൽ സമയ ക്ലിപ്തത പാലിക്കുന്നില്ല.
2. മുഴുവൻ സ്ഥാവര ജംഗമ ആസ്തികളുടെയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. വസ്തുനികുതി ഡിമാന്റ് , കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.
4. മുൻ വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ സൂചിപ്പിച്ച മുഴുവൻ അപാകതകളും പരിഹരിച്ചിട്ടില്ല.

(അക്കൗണ്ട് ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| വർഷം | 2016-17 |
| മുന്നിരിപ്പ് | 5675306 |
| വരവ് | 35219697 |
| ആകെ | 40895003 |
| ചെലവ് | 33470318 |
| നീക്കിയിരുപ്പ് | 7424685 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9112861 | 9112861 | 7317095 | 1795766 | 80.3 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5986440 | 5986440 | 4329108 | 1657332 | 72.3 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 7845 | 7845 | 0 | 7845 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4867980 | 4867980 | 1942590 | 2925390 | 39.9 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1703170 | 1703170 | 1233286 | 469884 | 72.4 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5110244 | 5110244 | 1512831 | 3597413 | 29.6 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 22715983 | 22715983 | 315618 | 22400365 | 1.4 |
| MGNREGS | 2391 | 22127318 | 22129709 | 22101955 | 27754 | 99.9 |
| ബി ഫണ്ട് | 0 | 31117580 | 31117580 | 31117580 | 0 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 185 | 65206469 | 80 | 22634343 | 85 | 20 | 43.2 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം

പഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1735558 | 4224284 | 2488726 | 58.9 |
| നികുതിയേതര വരവുകൾ | 605038 | 612644 | 7606 | 1.2 |
| മറ്റുവരവുകൾ | 4100 | 7626 | 3526 | 46.2 |
| ആകെ | 2344696 | 4844554 | 2499858 | 51.6 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-17 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്ക ളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 465720 | 224 |
| കർഷകതൊഴിലാളി പെൻഷൻ | 3697950 | 395 |
| വിധവാപെൻഷൻ | 8989090 | 827 |
| വാർദ്ധക്യകാലപെൻഷൻ | 14462180 | 997 |
| വികലാംഗപെൻഷൻ | 2876790 | 259 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 260850 | 18 |
| വിവാഹ ധനസഹായം | 360000 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-07-2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 3184 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സർക്കാർഉത്തരവ് 177/2006 ഫിൻ തിയ്യതി 12.04.2006 പ്രകാരം നിർവഹണോദ്യോഗസ്ഥർ TR7 A കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണം. കൂടാതെ സെക്രട്ടറിയും, നിർവഹണ ഉദ്യഗസ്ഥരും അനുബന്ധം ബി-V ൽ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ നിർവഹണ ഉദ്യഗസ്ഥനായ മെഡിക്കൽ ഓഫീസർ പി.എച്ച്.സി, ടി.ആർ 7 എ ക്യാഷ്ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഹെഡ്മാസ്റ്റർ ടി.ആർ 7 എ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. കൃഷി ഓഫീസർ ടി.ആർ 7 എ ക്യാഷ് ബുക്ക്, പ്രൊജക്ട് രജിസ്റ്റർ, സബ്സിഡിയറി രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്, കാലയളവ്, മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംക്യുംബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ അരിയർ ഡിമാന്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-06-2017, 23-06-2017 | 04/2017, 05/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-12-2016 മുതൽ 07-01-2017 വരെ | 2011-12 to 2015-16 | 27-02-2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി ഈടാക്കിയതിൽ കുറവ്

2016-17 വർഷത്തിൽ കെട്ടിട നമ്പർ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച ചുവടെ ചേർക്കുന്ന അപേക്ഷകരിൽ നിന്ന് ചട്ടപ്രകാരമുള്ള വസ്തു നികുതി അസസ്സ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

I)

കെട്ടിട ഉടമയുടെ പേര് : ശ്രീ. മുഹമ്മദ് ജാബിർ & ശ്രീ. മുഹമ്മദ് റാസി, തെറ്റൻ ഹൌസ്, തവനൂർ

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യത്തിനുള്ള കെട്ടിടം

അടിസ്ഥാന വസ്തു നികുതി : ഗ്രൌണ്ട് ഫ്ലോർ @ 30 രൂപ (വർധനവ് @ 20% റോഡ്)

അടിസ്ഥാന വസ്തു നികുതി :ഫസ്റ്റ് ഫ്ലോർ @ 30 രൂപ (വർധനവ് @ 20% റോഡ്, ഇളവ് ഒന്നാം നില @ 5%)

കെട്ടിടത്തിന് അനുവദിച്ച നമ്പർ : MP 3/10 B, MP 3/10 C, MP 3/10 D, MP 3/10 E

റസീറ്റ് നമ്പർ / തിയ്യതി : 11602100496 to 11602100499 / 18-08-2016

| തറ വിസ്തീർണ്ണം | കംപ്ലീറ്റഡ് പ്ലാൻ പ്രകാരം | അസസ്സ് ചെയ്യത് | കുറവ് |
|---|---|---|---|
| ഗ്രൌണ്ട് ഫ്ലോർ | 68.94 m2 | 67.61 m2 | 1.33 m2 |
| ഫസ്റ്റ് ഫ്ലോർ | 79.54 m2 | 78.39 m2 | 1.15 m2 |
| ആകെ തറ വിസ്തീർണ്ണം | 148.48 m2 | 146 m2 | 2.48 m2 |

| വസ്തു നികുതി | ഈടാക്കേണ്ടത് | | ഈടാക്കിയത് | | കുറവ് | |
|---|---|---|---|---|---|---|
| | വസ്തു നികുതി | ലൈബ്രറി സെസ്സ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | വസ്തു നികുതി | ലൈബ്രറി സെസ്സ് |
| ഗ്രൌണ്ട് ഫ്ലോർ | 2482 | 124 | 2434 | 123 | 48 | 1 |
| ഫസ്റ്റ് ഫ്ലോർ | 2720 | 136 | 2683 | 135 | 37 | 1 |
| ആകെ | 5202 | 260 | 5117 | 258 | 85 | 2 |

II)

കെട്ടിട ഉടമയുടെ പേര് : ശ്രീ. മടത്തിപ്പാറ അബ്ദുറഹ്മാൻ ഹാജി ചെള്ളിയിൽ ഹൌസ്, കടുങ്ങല്ലൂർ

കെട്ടിടത്തിന്റെ തരം : ക്വാർട്ടേഴ്സ് കെട്ടിടം

കംപ്ലീറ്റഡ് പ്ലാൻ പ്രകാരം തറ വിസ്തീർണ്ണം : 143.35 m2

അസസ്സ് ചെയ്യ തറ വിസ്തീർണ്ണം : 127.84 m2

അടിസ്ഥാന വസ്തു നികുതി : @ 20 രൂപ (വർധനവ് @ 20% റോഡ്)

കെട്ടിടത്തിന് അനുവദിച്ച നമ്പർ : MP 7/308 E, MP 7/308 F, MP 7/308 G, MP 7/308 H

റസീറ്റ് നമ്പർ / തിയ്യതി : 11602100472 to 11602100475 / 11-05-2016

| ഈടാക്കേണ്ടത് | | ഈടാക്കിയത് | | കുറവ് | |
|---|---|---|---|---|---|
| വസ്തു നികുതി | ലൈബ്രറി സെസ്സ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | വസ്തു നികുതി | ലൈബ്രറി സെസ്സ് |
| 3440 | 172 | 3069 | 155 | 371 | 17 |

III)

കെട്ടിട ഉടമയുടെ പേര് : ശ്രീ. പണ്ടാരത്തൊടി മുഹമ്മദ്, പണ്ടാരത്തൊടി ഹൌസ്, വെട്ടുകാട്, മുതുപറമ്പ്

കെട്ടിടത്തിന്റെ തരം : വാണിജ്യ & ക്വാർട്ടേഴ്സ് കെട്ടിടം

കംപ്ലീറ്റഡ് പ്ലാൻ പ്രകാരം തറ വിസ്തീർണ്ണം : 55.68 m2 (ഷോപ്പ്), 79.78 m2 (ക്വാർട്ടേഴ്സ്)

അടിസ്ഥാന വസ്തു നികുതി(ഷോപ്പ്) : @ 30 രൂപ (വർധനവ് @ 20% റോഡ്, ഇളവ് @ 10% മേൽക്കൂര)

അടിസ്ഥാന വസ്തു നികുതി(ക്വാർട്ടേഴ്സ്) : @ 20 രൂപ (വർധനവ് @ 20% റോഡ്, ഇളവ് @ 10% മേൽക്കൂര)

കെട്ടിടത്തിന് അനുവദിച്ച നമ്പർ : MP 1/358 (ഷോപ്പ്), MP 1/358 A, MP 1/358 B (ക്വാർട്ടേഴ്സ്)

റസീറ്റ് നമ്പർ / തിയ്യതി : 11602102801 to 11602102803 / 28-12-2016

എന്നാൽ ക്വാർട്ടേഴ്സ് കെട്ടിടത്തിന് വസ്തു നികുതി അസസ്സ് ചെയ്യപ്പോൾ റോഡ് സൗകര്യത്തിന് ഈടാക്കേണ്ട 20% വർധന ഈടാക്കിയതായി കാണുന്നില്ല. ആയതിനാൽ ക്വാർട്ടേഴ്സ് കെട്ടിടത്തിന്റെ വസ്തു നികുതിയിൽ ചുവടെ ചേർക്കും പ്രകാരം കുറവ് വന്നിട്ടുണ്ട്. ക്വാർട്ടേഴ്സ് ആകെ തറ വിസ്തീർണ്ണം 79.78 m2.

| ഈടാക്കേണ്ടത് | | ഈടാക്കിയത് | | കുറവ് | |
|---|---|---|---|---|---|
| വസ്തു നികുതി | ലൈബ്രറി സെസ്സ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | വസ്തു നികുതി | ലൈബ്രറി സെസ്സ് |
| 1723 | 86 | 1438 | 72 | 285 | 14 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/21-07-2017) ഗ്രാമ പഞ്ചായത്ത് 24-07-2017 ന് നൽകിയ മറുപടിയിൽ കുറവ് വന്ന വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി റീ അസസ്സ് ചെയ്യേണ്ടതും, വസ്തു നികുതി ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-2 ഇ. ടെണ്ടർ - ടെണ്ടർ ഫോറം വില പഞ്ചായത്തിൽ അടച്ചിട്ടില്ല

2016-17 വർഷത്തിൽ പഞ്ചായത്തിൽ 8 പ്രൊജക്ടുകൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്തു കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വിലയിനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല.

വിശദ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | ടെണ്ടർ ഫോറം വില | ടെണ്ടർ സമർപ്പിച്ച കരാറുകാരുടെ എണ്ണം |
|---|---|---|
| PHC പുതിയ കെട്ടിടം നിർമാണം | 2630 | 9 |
| GLPS പറപ്പൂർ പുരോഗമനം | 2630 | 2 |
| പരതക്കാട് GLPS പുരോഗമനം | 2630 | 3 |
| ഒന്നാം മയിൽ അംഗൻവാടി കെട്ടിടം | 2630 | 3 |
| പാണാറ്റിങ്ങൽ അംഗൻവാടി കെട്ടിടം | 2630 | 4 |
| തവനൂർ GLPS പുരോഗമനം | 2630 | 3 |
| പഞ്ചായത്ത് ഓഫീസ് ആധുനികവൽകരണം | 2630 | 2 |
| ആയുർവേദ ഡിസ്പൻസറി പുനരുദ്ധാരണം | 2630 | 2 |

മേൽ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വിലയിനത്തിൽ കരാറുകാരിൽ നിന്ന് ഈടാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി ₹516000 കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല.

വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | മരുന്നിന് ചെലവഴിച്ച തുക | ബിൽ / ചെക്ക് നമ്പർ |
|---|---|---|
| പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ ( 58/17 ) | 400000 | 4/16-17 തി. 31.03.2017 |
| പരിരക്ഷ ( 59/17 ) | 67700 | 5/16-17 തി. 31.03.2017 |
| | 48300 | 009755/29.03.2017 |
| ആകെ | 516000 | |

മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ എടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.മരുന്ന് ലഭ്യമാക്കുന്നത് വരെ ചെലവ്തുക ₹ 516000 തടസ്സം ചെയ്യുന്നു.

## 3-2 എസ്.എസ്.എ പ്രൊജക്ട് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

2016-17 വർഷത്തെ എസ്.എസ്.എ പ്രൊജക്ടിനുള്ള പഞ്ചായത്ത് വിഹിതം ഇനത്തിൽ ₹ 1458000 എസ്.എസ്.എ മലപ്പുറം ജില്ലാ കോ ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്.

| പ്രൊജക്ട് | തുക | ബിൽ നമ്പർ |
|---|---|---|

| | | |
|---|---|---|
| എസ്.എസ്.എ വിഹിതം - ജനറൽ ( 30/17) | 1200000 | 1/16-17 തി. 30.12.2016 |
| | 150000 | 5/16-17 തി. 7.03.2017 |
| എസ്.എസ്.എ വിഹിതം - എസ്.സി ( 31/17) | 108000 | 2/16-17 തി. 30.12.2016 |
| ആകെ | 1458000 | |

ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രൊജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 4/16 തി. 11.01.2016 പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ SSA പ്രൊജക്ട് തയ്യാറാക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും , എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ SSA പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെ SSA ലഭ്യമാക്കിയ ഒരു സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ പണം നൽകുകയാണ് ചെയ്തത്.

2) വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

എസ്.എസ്.എ കൈപ്പറ്റിയ തുകയുടെ വിനിയോഗം സംബന്ധിച്ച വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ എസ്.എസ്.എ അധികാരികൾ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല.

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് SSA യോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും ലഭ്യമാകുന്നമുറക്ക് പരിശോധനക്ക് ലഭ്യമാക്കുന്നതാണ് എന്നുമാണ് അറിയിച്ചത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത്‌വരെ ചെലവ് തുക ₹1458000 തടസ്സം ചെയ്യുന്നു.

## 3-3 മരാമത്ത് പ്രവൃത്തി - ₹ 7569 തിരിച്ചടച്ചു

2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ വിവിധ കാരണങ്ങളാൻ അധികം നൽകിയ ₹ 7569 ഓഡിറ്റ് നിർദേശത്തെത്തുടർന്ന് തിരിച്ചടവാക്കി.

| പ്രവൃത്തി | തിരിച്ചടച്ച തുക/ചലാൻ നമ്പർ | കുറിപ്പ് |
|---|---|---|
| എൽ.പി സ്കൂൾ- മലയിൽമുക്ക് റോഡ് പാരപ്പറ്റ് മതിൽ (136/17) | 5355 (KL004343168201718M/ 22.07.2017) | തെറ്റായി അളവ് രേഖപ്പെടുത്തിയത്‌മൂലം കൺവീനർക്ക് അധികം നൽകിയ തുക |
| അംഗൺവാടി വൈദ്യുതീകരണം (12/17) | 1471 (KL004343478201718M/ 22.07.2017 ) | സാങ്കേതികാനുമതിയിൽ പരിമിതപ്പെടുത്താതെ പണം നൽകിയത്. |
| പറമ്പിൽ അംഗൺവാടി റിപ്പയർ ( 8/17 ) | 743 (KL004343364201718M/ 22.07.2017) | സാങ്കേതികാനുമതിയിൽ പരിമിതപ്പെടുത്താതെ പണം നൽകിയത്. |

## 3-4 അർഹമായ ധനസഹായം പൂർണ്ണമായി നൽകുന്നില്ല

ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2016-17 വർഷത്തിൽ ഹെഡ്മാസ്റ്റർ താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|
| ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ( 33/17) | 459600 | 459600 (3/16-17 തി. 7.03.2017 ) |
| ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്- എസ്.സി ( 34/17) | 100000 | 43200 4/16-17 തി. 28.02.2017 |

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് നല്കാൻ സർക്കാർ നിർദേശിച്ച ധനസഹായം പൂർണ്ണമായി നൽകാതെ സ്കോളർഷിപ്പ് തുക മാത്രം നൽകുകയാണ് ചെയ്തിരിക്കുന്നത്. അർഹമായ വാർഷിക ബത്തകൾ , യാത്രാ ബത്ത, ഉല്ലാസയാത്രാ ബത്ത എന്നിവ പഞ്ചായത്തിൽ നിന്നും നൽകിയിട്ടില്ല. . എസ്.സി വിഭാഗം

വിദ്യാർത്ഥികൾക്ക് പ്രൊജക്ടിൽ പണം വകയിരുത്തിയിട്ടും തുക പൂർണ്ണമായും നൽകിയിട്ടില്ല എന്നും കാണുന്നു.

സർക്കാർ നിർദേശിച്ച ധനസഹായം പൂർണ്ണമായി നൽകുന്നതിന് ആവശ്യമായ പണം വകയിരുത്തുന്നതിനും അർഹമായ തുക പൂർണ്ണമായി നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 മരാമത്ത് പ്രവൃത്തി -അവലോകനം

2016-17 ൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി അടങ്കലിന്റെ 63.5ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വകയിരുത്തിയത്. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ ₹ 41377697 അടങ്കലിൽ 113 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി.ഇതിൽ 55 പ്രൊജക്ടുകൾ മാത്രമാണ് തൻവർഷത്തിൽ നടപ്പാക്കിയിട്ടുള്ളത്. ഇതിൽതന്നെ 27 പ്രൊജക്ടുകളുടെ പണം ₹4832712 മാത്രമെ തൻവർഷം ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ.

ഒരു അസി.എഞ്ചിനീയർ, രണ്ട് ഓവർസിയർമാർ ഉൾപ്പെടുന്ന എൽ സി ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ എഞ്ചിനിയറുടെയും ഒരു ഓവർസിയറുടെയും സേവനം മാത്രമാണ് ലഭ്യമായിരുന്നത്. ഇതിൽ തന്നെ 2016 ഒക്ടോബർ മുതൽ പള്ളിക്കൽ ഗ്രമാപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ അധിക ചുമതല നൽകുകയാണ് ചെയ്തിരുന്നത്.

എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതും അനുവദിക്കപ്പെട്ട എണ്ണം ജീവനക്കാരെ ലഭ്യമല്ലാത്തതും മരാമത്ത് പ്രവൃത്തി നടത്തിപ്പിന്റെ മേൽനോട്ടം അസാദ്ധ്യമാക്കുന്നുണ്ട്. എഞ്ചിനിയറിംഗ് വിഭാഗം ജീവനക്കാരുടെ സാന്നിദ്ധ്യത്തിലാണ് മരാമത്ത് പ്രവൃത്തി നടത്തേണ്ടത് എങ്കിലും പ്രവൃത്തികളുടെ ആധിക്യം മൂലവും ജീവനക്കാരുടെ കുറവ് മൂലവും ഇത് പലപ്പോഴും സാധിക്കുന്നില്ല. ഇക്കാരണത്താൽ തന്നെ മരാമത്ത് പ്രവൃത്തികൾ നിശ്ചിത ഗുണനിലവാരത്തിൽ നടത്തുന്നുണ്ട് എന്ന് ഉറപ്പ് വരുത്താനും സാധിക്കുന്നില്ല.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

1.റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കിയില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

2.റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവുവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങളില്ലായെന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ നിർമ്മാണത്തിനും മെയിന്റെനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. പഞ്ചാത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

3. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല.

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്റ്ററുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ,

എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്‌പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

4.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പ്രവൃത്തികളിൽ ചെലവുരേഖകൾ ശരിയായി സൂക്ഷിക്കുന്നില്ല.വിവിധ സാധനങ്ങൾക്ക് വാറ്റ് ബില്ല് അല്ല ഭൂരിപക്ഷം സമിതികളും സമർപ്പിച്ചിട്ടുള്ളത്. മെറ്റൽ , മണൽ എന്നിവ വാങ്ങുന്നതിന് യഥാർത്ഥബില്ല് ഒരു ഫയലിൽ പോലും കണ്ടെത്താൻ സാധിച്ചില്ല. സാധനങ്ങൾ ലഭ്യമാക്കിയതിന് വിവിധ വാഹന ഡ്രൈവർമാർക്ക് പണം നൽകിയതായ കൈപ്പറ്റ് രസീതി മാത്രമാണ് ലഭ്യമാക്കിയത്. മരാമത്ത് പ്രവൃത്തികളുടെ ചെലവ് അനുവദിക്കുമ്പോൾ ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവുകളുടെ കൃത്യത ബന്ധപ്പെട്ട ബിൽ, മസ്റ്റർറോൾ സഹിതം സൂക്ഷമപരിശോധന നടത്തേണ്ടതാണ്.

## 3-6 അംഗൻവാടി- അടിസ്ഥാന സൗകര്യം കുറവ്

മുതുവല്ലൂർ ഗ്രാമപഞ്ചായത്തിൽ ആകെ 28 അംഗൻവാടികളാണ് ഉള്ളത്. ആയതിൽ സ്വന്തമായി കെട്ടിടങ്ങൾ ഉള്ളത് 23 എണ്ണത്തിന് മാത്രമാണ്. വാടക കെട്ടിടത്തിൽ 5 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നുണ്ട്. വൈദ്യുതി, ഗ്യാസ്, കുടിവെള്ളം എന്നീ സൗകര്യങ്ങളുള്ള അംഗൻവാടികളുടെ എണ്ണം യഥാക്രമം 17, 28, 5 എന്നിങ്ങനെയാണ്. ചുറ്റമതിലുള്ള അംഗൻവാടികൾ 13 എണ്ണം മാത്രമാണ്. ബേബി ഫ്രണ്ട്‌ലി ടോയിലറ്റ് ഒരു അംഗൻവാടിയിലും സ്ഥാപിച്ചിട്ടില്ല.

ഗവൺമെന്റ സർക്കുലർ നം. 31055/ഡി.സി.2/2011/തസ്വഭവ തീയ്യതി 22/03/2011 പ്രകാരം വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും എല്ലാ വർഷവും മെയ് 10 നകം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ സന്ദർശിക്കേണ്ടതും. പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ 2016-17 വർഷത്തിൽ പഞ്ചായത്തിലെ വാടക കെട്ടിടത്തിലുള്ള അംഗൻവാടികൾക്ക് മാത്രമെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളൂ. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിക്കാൻ പാടില്ല. ആയതിനാൽ പഞ്ചായത്തിലെ എല്ലാ അംഗൻവാടി കെട്ടിടങ്ങളും പരിശോധിച്ച് ഫിറ്റ്നസ് ഉള്ള കെട്ടിടങ്ങളിൽ മാത്രമാണ് അംഗൻവാടികൾ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

അംഗൻവാടികളുടെ ഭൗതിക സൗകര്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ഭക്ഷ്യ മിശ്രിതം- ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല

2016-17 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അംഗൻവാടി അനുപൂരക പോഷകാഹാരം എന്ന പ്രൊജക്ടിന്റെ ഭാഗമായി അംഗനവാടികളിലേക്ക് അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നത് റുമാന ന്യൂട്രിമിക്സ് ഓമാനൂർ എന്ന സ്ഥാപനമാണ്.

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ ഐ.സി.ഡി.എസ്. ബി.3-312/2010 തീയ്യതി 05/06/2010, 01/02/2010 തീയ്യതികളിലെ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ന്യൂട്രി മിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ പരിശോധനയ്ക്ക് വിധേയമാക്കുവാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ മുകളിൽ പറഞ്ഞ റുമാന ന്യൂട്രിമിക്സ് ഓമാനൂർ ന്യൂട്രി മിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

ഭക്ഷ്യ മിശ്രിതം പരിശോധനക്ക് വിധേയമാക്കി സുരക്ഷിത ഭക്ഷണമാണ് വിതരണം ചെയ്യുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-8 പരിരക്ഷ പ്രൊജക്ട് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

2016-17 വർഷത്തിൽ നടപ്പാക്കിയ പരിരക്ഷ പ്രൊജക്ട് നടത്തിപ്പ് പരിശോധിച്ചതിൽ GO(Rt) 3217/15/LSGD Dt. 29.10.2015 നമ്പർ സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല എന്ന് വ്യക്തമായി.

1) പ്രതിമാസം 16 ഹോം കെയർ സന്ദർശനങ്ങൾ നടത്തേണ്ടതായിരുന്നുവെങ്കിലും നിർദേശം പാലിച്ചിട്ടില്ല.

2) എല്ലാവർഷവും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും , പ്രസ്തുത കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രൊജക്ട് നടത്തിപ്പ് വിലയിരുത്തേണ്ടതുമാണ്. എന്നാൽ 2016-17 വർഷത്തേക്ക് പുതിയ PMC രൂപീകരിച്ചിട്ടില്ല. 16-17 ൽ ആകെ രണ്ട് തവണ മാത്രമാണ് PMCയോഗം ചേർന്നത്.

3) എല്ലാ മാസവും 5 ാം തിയ്യതിക്ക് മുമ്പ് PMC യോഗം ചേരണമെന്ന് നിർദേശിച്ചിട്ടുണ്ടെങ്കിലും പ്രതിമാസം യോഗം ചേർന്നിട്ടില്ല.

4 പ്രതിമാസ വരവുചെലവുകൾ രേഖാമൂലം PMC യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതായിരുന്നുവെങ്കിലും 2016-17 വർഷത്തിൽ വരവ് ചെലവുകണക്കുകൾ PMC യിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടില്ല.

5) മേൽ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവ് തിയ്യതി മുതൽ 60 ദിവസത്തിനകം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള രോഗികളുടെ വിവരങ്ങൾ പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതായിരുന്നു. ഈ നിർദേശം പാലിക്കാതെ തുടർന്ന് ആശ്രയ പ്രൊജക്ടിന് പണം ചെലവഴിക്കാൻ പാടില്ല എന്നും മേൽ ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും ഈ വിവരം വെബ്സൈറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

6) 2016-17 വർഷത്തിൽ രജിസ്റ്ററുകൾ നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

7) പാലിയേറ്റീവ് കെയർ പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്ന രോഗികളുടെ വിശദ വിവരം PMC യിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടില്ല.

സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പാലിച്ച് പ്രൊജക്ട് നടപ്പാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2016-17 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 35219697 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 33470318 |
| വരവിനങ്ങളിലുള്ള നഷ്ടം | 741 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1974000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 741 | | ശ്രീ. എൻ. അബ്ദുൽ റഷീദ്, സെക്രട്ടറി |
| ആകെ | 741 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 516000 | ഡോ. സ്വാബിർ. എൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-2 | 1458000 | ശ്രീ. ഷൌക്കത്തലി. കെ, ഹെഡ്മാസ്റ്റർ |
| ആകെ | 1974000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 33 | ശ്രീ.എൻ.അബ്ദുൾ റഷീദ്, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എൻ.അബ്ദുൽറഷീദ്, സെക്രട്ടറി | വിരമിച്ചു | നെച്ചിമണ്ണിൽ, കുളത്തിൽ പുറായി, പുളിക്കൽ (പി.ഒ), മലപ്പുറം 673637 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2005-06 | എൽ.എഫ്.എം.15/278/09 തി : 13-07-2009 | 1 | |
| 2006-07 | എൽ.എഫ്.എം.15/44/10 തി : 03-11-2010 | 19 | |
| 2007-08 | എൽ.എഫ്.എം.9/1204/11 തി : 28-07-2011 | 11 | |

| | | | |
|---|---|---|---|
| 2008-09 | എൽ.എഫ്.എം.9/1205/11 തി : 16-07-2011 | 4 | |
| 2009-10,10-11 | എൽ.എഫ്.എം.7/1182/13 തി:19.09.2013 | 17 | |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം.7/3035/2015 തി: 21.01.2016 | 8 | |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.7/2097/2016 തി: 08.08.2016 | 16 | |
| 2015-16 | കെ.എസ്.എ.എം.പി.എം.7/3093/2016 തി: 20.12.2016 | 7 | |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

## അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം7/1777/2017
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി : 08-08-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മൂതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൂതുവല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

## അനുബന്ധം - 2

# AUDIT CERTIFICATE

No.KSA/MPM.7/1777/2017

Kerala State Audit Department
District Audit office ,Malappuram
Phone: 0483 -2734951
Email: dompm.ksad@kerala.gov.in
Date: 08-08-2017

Certified that I have audited the Annual Financial Statement of Muthuvallur Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Muthuvallur Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department
Malappuram